പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: T 543 6.3.2012-ൽ മറുപടിക്ക്

## പുതുവൈപ്പിനിലെ പെട്രോനെറ്റ് എൽ.എൻ.ജി. യിലെ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എസ്.ശർമ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പുതുവൈപ്പിനിൽ നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്ന പെട്രോനെറ്റ് എൽ.എൻ.ജി എന്നത്തേക്ക് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കാമോ; | (എ) പുതുവൈപ്പിനിലെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിവരുന്ന പെട്രോനെറ്റ് എൽ.എൻ.ജി ടെർമിനൽ 2012 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏകദേശം 90% പണികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) പെട്രോനെറ്റ് എൽ.എൻ.ജി-യിലേയ്ക്കുള്ള നിയമനങ്ങളിൽ തദ്ദേശിയരും പരിചയസമ്പന്നരുമായ യുവതീയുവാക്കളെ ഒഴിവാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തദ്ദേശിയർക്ക് അവസരം നൽകുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ;<br><br>(സി) ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങളും മറ്റും എല്ലാ മലയാള ദിനപത്രങ്ങളിലും പരസ്യം ചെയ്യുന്നതിനും അർഹമായ പ്രാതിനിധ്യം തദ്ദേശിയർക്ക് ലഭിക്കുന്നതിനും മുൻകൈ എടുക്കുമോ? | (ബി)&(സി) പെട്രോനെറ്റ് എൽ.എൻ.ജി.യിലേയ്ക്കുള്ള നിയമനങ്ങളിൽ തദ്ദേശിയരും, പരിചയസമ്പന്നരുമായ യുവതീയുവാക്കളെ ഒഴിവാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പെട്രോനെറ്റ് എൽ.എൻ.ജി ലിമിറ്റഡ് സർക്കാർ സ്ഥാപനമല്ല. കമ്പനി നിയമ പ്രകാരം നിലവിൽ വന്നിരിക്കുന്ന പെട്രോനെറ്റ് എൽ.എൻ.ജി ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് നിയമനങ്ങൾ നടത്തുന്നതിന് അതിൻേറതായ ചട്ടങ്ങളുണ്ട്. യോഗ്യതയുള്ള ഒട്ടേറെ കേരളീയർ ഈ സ്ഥാപനത്തിൽ ഇപ്പോൾതന്നെ ജോലി ചെയ്യുന്നുണ്ട്. |

Ajithab

സെക്ഷൻ ഓഫീസർ